**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4900** **04-07-2024 - ൽ മറുപടിയ്ക്ക്**

**ബൈപാസുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. ആൻസലൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ബൈപാസുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **നിരത്ത് വിഭാഗം**<br><br>അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>**കെ.ആർ.എഫ്.ബി.-പി.എം.യു.**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.ആർ.എഫ്.ബി.-പി.എം.യു-ന് കീഴിൽ കൊല്ലം ജില്ലയിലെ അഞ്ചൽ ബൈപ്പാസ്സ് പ്രവൃത്തി ആയൂർ അഞ്ചൽ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 21/02/2024 തീയതിയിൽ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്.<br><br>**ആർ.ബി.ഡി.സി.കെ**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആർ.ബി.ഡി.സി.കെ മുഖാന്തരം നിർമ്മാണം പൂർത്തീയാക്കിയ പേരാമ്പ്ര ബൈപ്പാസ് 30.04.2023ന് ഗതാഗതത്തിന് തുറന്ന് കൊടുത്തു. |
| (ബി) | ഏതെല്ലാം ബൈപാസുകളുടെ നിർമ്മാണമാണ് പൊതുമരാമത്ത് വകുപ്പ് നടത്തി വരുന്നത്; വിശദമാക്കുമോ? | (ബി) | **കെ.ആർ.എഫ്.ബി.-പി.എം.യു.**<br><br>കെ.ആർ.എഫ്.ബി.-പി.എം.യു-ന് കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ കൊല്ലം - 1, എറണാകുളം - 2, തൃശ്ശൂർ - 3, മലപ്പുറം - 2, കോഴിക്കോട് - 1, കണ്ണൂർ - 1 പ്രവൃത്തികളാണ് നിലവിൽ നടന്ന് വരുന്നത്. മേൽ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബൈപ്പാസ്<br><br>കൊട്ടാരക്കര ബൈപ്പാസ് നിർമ്മാണം (ഫ്ലൈ ഓവർ ഉൾപ്പെടുന്ന) SH1 -MC റോഡിന് സമാന്തരമായി കൊട്ടാരക്കര ഭാഗത്ത് ബൈപ്പാസ് നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി GO(Rt) No. 1069/2022/PWD തീയതി 05.11.2022 പ്രകാരം തത്വത്തിൽ ഭരണാനുമതിയും കിഫ്ബി ചീഫ് |

എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവ് നമ്പർ PWD 025- 01/APR-1/2023/KIIFB തീയതി 27.04.2023 പ്രകാരം 110.36 കോടി രൂപയുടെ സാമ്പത്തികാനുമതി സ്ഥലമേറ്റെടുക്കുന്നതിനായും ലഭ്യമായിട്ടുള്ളതാണ്.

**2. തൃശ്ശൂർ ജില്ലയിലെ കേച്ചേരി - അക്കിക്കാവ് ബൈപ്പാസ് റോഡ്**

GO(Rt)No.1324/2016 PWD dated 14.03.2017 പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതിയും പുതുക്കിയ സാമ്പത്തികാനുമതി പ്രകാരം 15.02.2020 -ൽ 48.59 കോടി രൂപയും 11.12.2020-ൽ 29.42 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 35% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**3. തൃശ്ശൂർ ജില്ലയിലെ ചേലക്കര ബൈപ്പാസ്.**

GO(Rt)No.942/2017/PWD dated 10.07.2017 പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതിയും 3.17 കോടി രൂപയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി സാമ്പത്തികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. നിലവിൽ ഈ പ്രവൃത്തിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തി കൊണ്ടിരിക്കുകയാണ്. പൊതുജന അഭിപ്രായ സ്വീകരണം 22.06.2024-ൽ പൂർത്തിയായിട്ടുള്ളതാണ്.

**4. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബൈപ്പാസ്.**

GO(Rt)No.942/2017/PWD dated 10.07.2017 പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുള്ളതാണ്. നിലവിൽ പ്രവൃത്തി DPR ഘട്ടത്തിലാണ്.

GO (Rt) No:- 1069/2022/PWD പ്രകാരം 05.11.2022 തീയതിയിൽ എറണാകുളം ജില്ലയിൽ കോലഞ്ചേരി ബൈപ്പാസ്, തറയിൽ കവല ബൈപ്പാസ്സ്, മലപ്പുറം ജില്ലയിൽ കർമ്മ ബൈപാസ്സ് ,വേങ്ങര ബൈപാസ്സ് , കോഴിക്കോട് ജില്ലയിൽ ഫറോക്ക് IOC ബൈപാസ്റ്റ്, കണ്ണൂർ ചക്കരക്കൽ ബൈപാസ്സ് എന്നീ 6 പുതിയ ബൈപ്പാസുകൾക്ക് 200 കോടി രൂപയ്ക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ നടന്നു കൊണ്ടിരിക്കുന്നു.

**ആർ.ബി.ഡി.സി.കെ**

അനുബന്ധം 2 ആയി ചേർക്കുന്നു

സെക്ഷൻ ഓഫീസർ

അനുബന്ധം 1 നിരത്ത് വിഭാഗം

| | |
|---|---|
| **DETAILS OF COMPLETED BYPASS ROADS FROM 2021 TO TILL DATE** | |
| 1 | Construction of Kidangoor bypass |
| 2 | GENERAL –Budget work 2019-2020 Construction of Pattithanam Manarcadu bypass from ch:0/000 to 1/790 km (Reach III) WORK-General Civil work |
| 3 | Urgent widening of Moodal Kanchipura Bypass road from Vattappara accident prone zone on NH 17 |
| 4 | Construction of Thankalam – Kozhippilli Bypass – Phase- I |
| | **DETAILS OF ONGOING BYPASS ROADS FROM 2021 TO TILL DATE** |
| 1 | Budget work 2014-15-Construction of Kaduthuruthy Bypass road Phase II-Part III and Final ch: 0/000-1/450 km |
| 2 | Construction of Extension of river view road LA and Construction of road upto $15^{th}$ mile in Ettumanoor – Poonjar SH ways |
| 3 | Budget work 2020-2021- Right of way and carriage way widening, formation and improvement works at balance portion of Pala- Parallel road Reach-1 |
| 4 | Improvements to Erattupetta Bypass causeway to MES junction |
| 5 | Construction of Varkala bypass |
| 6 | Nilambur bypass Phase 1 & 2 (Not ongoing due to delay in land acquisition) |
| 7 | Thankalam- Kozhippillii Bypass – Phase-II |

**അനുബന്ധം 2 ആർ.ബി.ഡി.കെ**

| ക്രമ നം | പദ്ധതി | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം പുരോഗമിക്കുന്നു. | നിർമ്മാണം പുരോഗമിക്കുന്നു. |
| 2 | പെരുമ്പാവൂർ ബൈപ്പാസ് ഫേസ് 1 | പ്രാരംഭ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| 3 | കുറ്റ്യാടി ബൈപ്പാസ് | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 4 | അങ്കമാലി കൊച്ചി ബൈപ്പാസ് ഫേസ് 1 | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 5 | താമരശ്ശേരി ചുങ്കം ലിങ്ക് റോഡ് | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 6 | കൊട്ടുവായൂർ ബൈപ്പാസ് | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 7 | ഒറ്റപാലം ബൈപ്പാസ് | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 8 | ഓരാട്ടുംപാല0-വൈലോങ്ങര ബൈപ്പാസ് | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 9 | എയർപോർട്ട്- സീപോർട്ട് ഫേസ് I | ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു |
| 10 | പെരുമ്പാവൂർ ബൈപ്പാസ് ഫേസ് II | ഡിസൈൻ പുരോഗമിക്കുകയാണ് |

| | | |
|---|---|---|
| 11 | പണ്ടാരപ്പറമ്പ്-ഉണ്ടോടികടവ്  ബൈപ്പാസ് | ഈ പ്രദേശത്ത് മറ്റൊരു ബൈപ്പാസ് പ്രൊപോസൽ എൻ.എച്ച് വിഭാഗത്തിന് നിലവിൽ ഉള്ളതിനാൽ ഈ പദ്ധതി എൻ.എച്ച് വിഭാഗത്തിന് കൈമാറുന്നതിന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. |
| 12 | കാസർഗോഡ് ബൈപ്പാസ് | കിഫ്ബി നിർദ്ദേശ പ്രകാരം താൽകാലി കമായി നിർത്തിവച്ചിട്ടുള്ളതാണ്. |
| 13 | ഉഴവൂർ ബൈപ്പാസ് | കിഫ്ബി നിർദ്ദേശ പ്രകാരം താൽകാലി കമായി നിർത്തിവച്ചിട്ടുള്ളതാണ്. |